**ഭരണഭാഷ–മാതൃഭാഷ**

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.
ഇ-മെയിൽ:dir.dhse.dge@kerala.gov.in
ഫോൺ നമ്പർ: 0471 2325868

നമ്പർ.എഡി.ബി2/194881/2021/ഡിജിഇ തീയതി : 04/03/2021

## സർക്കുലർ

വിഷയം: പൊ.വി.വ – ഹ.സെ.വി – ജീവനക്കാര്യം – എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർ സെക്കന്ററി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ലാബ് അസിസ്റ്റന്റ്മാർ എന്നിവരുടെ തസ്തികമാറ്റ നിയമനം ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷകളിലെ അപാകതകൾ പരിഹരിച്ച് അപേക്ഷകൾ പുന:സമർപ്പിക്കുന്നതിനായി പ്രസ്തുത അപേക്ഷകൾ Reject ചെയ്തത്– സംബന്ധിച്ച്.

സൂചന: ഈ ഓഫീസിലെ 15/02/2021, 19/02/2021 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

ഗവ.ഹയർ സെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപക തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിലേക്കായി എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിന്നും സൂചന പ്രകാരം 16/02/2021 മുതൽ 01/03/2021 വരെ ഓൺലൈൻ അപേക്ഷ സ്വീകരിച്ചിരുന്നു. ഓൺലൈൻ മുഖേന ലഭ്യമായ പ്രസ്തുത അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ നിരവധി അധ്യാപകർ നിലവിലെ തസ്തികയിലെ പി.എസ്.സി advice date/appointment order date - ന് പകരം മുൻതസ്തികയിലെ പി.എസ്.സി advice date/appointment order date രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ആയത് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത അപേക്ഷകൾ

തെറ്റ് തിരുത്തി പുന:സമർപ്പിക്കുന്നതിനായി Reject ചെയ്തിട്ടുണ്ട്. ഓൺലൈൻ മുഖേന തസ്തികമാറ്റ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള എല്ലാവരും തങ്ങളുടെ അപേക്ഷ Reject ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. Reject ചെയ്ത അപേക്ഷകൾ പുന:സമർപ്പിക്കുന്നതിനായി അധ്യാപകർ അവരവരുടെ user Id യും passward ഉം ഉപയോഗിച്ച് www.hscap.kerala.gov.in എന്ന സൈറ്റ് മുഖേന 06/03/2021 – ന് വൈകിട്ട് 5 മണിക്ക് മുമ്പായി അപേക്ഷയിലെ മേൽ അപാകത പരിഹരിച്ച് പുന:സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തെറ്റ് തിരുത്തിലഭ്യമാക്കാത്ത അപേക്ഷകൾ, തെറ്റ് തിരുത്താതെ വീണ്ടും പുന:സമർപ്പിക്കുന്ന അപേക്ഷകൾ എന്നിവ മറ്റൊരറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്ജ്)

sm